മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ICSI Signature Award – സർവ്വകലാശാലയിൽ ഏർപ്പെടുത്തുന്നത് - ബി.കോം പരീക്ഷയിൽ കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അയച്ചുകൊടുക്കാമെന്നും, അവാർഡ് നൽകുന്നതിൽ സർവ്വകലാശാലയ്ക്ക് അനുകൂല നിലപാടാണെന്നും ഇതുമായി ബന്ധപ്പെട്ട ചെലവുകൾ അവാർഡ് ഏർപ്പെടുത്തുന്ന സ്ഥാപനം വഹിക്കേണ്ടതാണെന്നും അറിയിക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് എ VI വിഭാഗം

സ.ഉ.നം. 6552/എ VI/3/15215/ICSI/2018/അക്കാദമിക് പ്രിയദർശിനി ഹിൽസ്, തീയതി: 07/09/2018

പരാമർശം:- 1) ICSI കത്ത് നം. ICSI: S AWARD:2016 തീയതി : 16.11.2016.
2) 18/06/2018-ാം തീയതിയിലെ സ.ഉ.നം. 4901/ എ VI/3/15215/ICSI/2017/അക്കാദമിക്
3) 09/08/2018-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ: 70/18.06/181774.

## ഉത്തരവ്

ബി.കോം ബിരുദ പരീക്ഷയിൽ ഉന്നത മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്കായി ICSI Signature Award സർവ്വകലാശാലയിൽ സ്ഥാപിക്കാൻ Institute of Company Secretaries of India പരാമർശം (1) പ്രകാരം താൽപര്യമറിയിച്ചിരുന്നു. അവാർഡ് നൽകേണ്ടത് ബിരുദദാന സദസ്സിലാണെന്ന് അവാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു.

പ്രസ്തുത ബിരുദദാന ചടങ്ങിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സാമ്പത്തിക ചിലവുകൾ കണ്ടെത്താനാകുമോ എന്ന് പരിശോധിക്കുന്നതിനായി വിഷയം ഫിനാൻസ് കമ്മറ്റിയ്ക്ക് സമർപ്പിച്ചിരുന്നു.

വിഷയം പരിഗണിച്ച സിൻഡിക്കേറ്റ് യോഗം മേൽ പരാമർശം പ്രകാരം താഴെപ്പറയും വിധം തീരുമാനിച്ചു.

"സർവ്വകലാശാല ബിരുദദാന ചടങ്ങ് നടത്താറില്ലെന്നും ബി.കോം പരീക്ഷയിൽ കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അയച്ചുകൊടുക്കാമെന്നും അവാർഡ് നൽകുന്നതിൽ സർവ്വകലാശാലയ്ക്ക് അനുകൂല നിലപാടാണെന്നും ഇതുമായി ബന്ധപ്പെട്ട ചെലവുകൾ അവാർഡ് ഏർപ്പെടുത്തുന്ന സ്ഥാപനം വഹിക്കേണ്ടതാണെന്നും അറിയിക്കാൻ തീരുമാനിച്ചു"

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് നാരായൺ
അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ, പ്രോ വൈസ്ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
3. എസി സി സെക്ഷൻ ( എ.റ്റി.ആർ സഹിതം)
4. ആഡിറ്റ് V/ ഫിനാൻസ് VI
5. ഗവൺമെന്റ് ആഡിറ്റർ
6. ഐ.ക്യൂ.എ.സി/ കണ്ടന്റ് മാനേജ്മെന്റ്
7. റെക്കോർഡ്സ് /സ്റ്റോക്ക് ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

07/09/18

ഫയൽ നം. AcAVI/3/15215/ICSI/2017